"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തസ്വഭവ-ശ്രീ ലിജേഷ് @ രാമു എന്ന കീഴടങ്ങപ്പെട്ട മാവോയിസ്റ്റിന്റെ പുനരധിവാസത്തിന് ലൈഫ് മിഷൻ സ്കീമിൽ വീട് നിർമിക്കുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഡി.ബി.) വകുപ്പ്

സ.ഉ.(കൈ) നം.122/2022/LSGD തീയതി,തിരുവനന്തപുരം, 14-06-2022

---

പരാമർശം:-
1. സ.ഉ(കൈ)നം.93/2018/ ആഭ്യന്തരം തീയതി 28.05.2018
2. സ.ഉ(സാധാ)നം.566/2022/ ആഭ്യന്തരം തീയതി 02.03.2022
3. ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 08.03.2022ൽ നടന്ന യോഗനടപടിക്രമം

<u>ഉത്തരവ്</u>

ശ്രീ. ലിജേഷ്@ രാമു, 37 വയസ്സ്, S/o ലീല, ആർ.ജി വില്ലേജ്, ബെട്ടോളി പി.ഒ, പെരുമ്പോടി, ഇന്ദിരനഗർ, വിരാജ്പേട്ട്, കർണാടക എന്ന കീഴടങ്ങപ്പെട്ട മാവോയിസ്റ്റിന്റെ പുനരധിവാസത്തിനായി ലൈഫ് മിഷൻ വഴി നിലവിലെ മാർഗ്ഗരേഖകളും നിബന്ധനകളും മറികടന്ന് വീട് നൽകുന്നതുമായി ബന്ധപ്പെട്ട് നടപടി കൈക്കൊള്ളുന്നതിന് പരാമർശം (3) പ്രകാരം തീരുമാനമുണ്ടായി. കേരളത്തിൽ പ്രവർത്തിച്ച വരുന്ന മാവോയിസ്റ്റുകളുടെ കീഴടങ്ങലിനും തിരികെപ്പോക്ക് തടയുന്നതിനും പുനരധിവാസത്തിനുമായി പരാമർശം (1) പ്രകാരം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 25/10/2021-ൽ കീഴടങ്ങിയ സി.പി.ഐ മാവോയിസ്റ്റ് ആയ ശ്രീ.ലിജേഷ്@ രാമു, 37 വയസ്സ്, S/o ലീല, ആർ.ജി വില്ലേജ്, ബെട്ടോളി പി.ഒ, പെരുമ്പോടി, ഇന്ദിര നഗർ, വിരാജ് പേട്ട്, കർണാടക എന്ന വ്യക്തിയുടെ പുനരധിവാസ പാക്കേജ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ലൈഫ് മിഷൻ വഴി നിലവിലെ ചട്ടങ്ങളും നിർബന്ധ രേഖകളായ റേഷൻ കാർഡ് / വോട്ടേഴ്സ് ഐ.ഡി തുടങ്ങിയ നിബന്ധനകളും മറികടന്ന് നിശ്ചിത സമയപരിധിക്കുള്ളിൽ എറണാകുളം, ജില്ലയിൽ ഒരു വീട് നൽകണമെന്ന് പരാമർശം (2) പ്രകാരം പറപ്പെടുവിച്ച ഉത്തരവിൽ നിഷ്കർഷിക്കുകയുണ്ടായി. പരാമർശം (3) പ്രകാരം ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സംസ്ഥാന സമിതി യോഗം ടി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്ന് നിഷ്കർഷിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ലിജേഷ്@ രാമു, 37 വയസ്സ്, S/o ലീല, ആർ.ജി വില്ലേജ്, ബെട്ടോളി പി.ഒ, പെരുമ്പോടി, ഇന്ദിരനഗർ, വിരാജ്പേട്ട്, കർണാടക എന്ന കീഴടങ്ങപ്പെട്ട മാവോയിസ്റ്റിന്റെ പുനരധിവാസത്തിനായി നിലവിലെ മാർഗ്ഗരേഖകളും നിബന്ധനകളും മറികടന്ന് ഒരു പ്രത്യേക കേസായി പരിഗണിച്ച് ലൈഫ് മിഷൻ വഴി എറണാകുളം ജില്ലയിൽ ഒരു വീട് നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

ശ്രീ. ലിജേഷ്@ രാമു, 37 വയസ്സ്, S/o ലീല, ആർ.ജി വില്ലേജ്, ബെട്ടോളി പി.ഒ, പെരുമ്പോടി, ഇന്ദിരനഗർ, വിരാജ്പേട്ട്, കർണാടക

പൊതുഭരണ (എസ്.സി) വകുപ്പ്( 18/05/2022-ലെ മന്ത്രിസഭായോഗ തീരുമാനത്തിലെ ഇനം. നം. 737 പ്രകാരം)

ആഭ്യന്തര വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Reenamma P A

Date: 15-06-2022 16:14:23

സെക്ഷൻ ഓഫീസർ